# കേരള വനം-വന്യജീവി വകുപ്പ്
# തൃശ്ശൂർ വനം ഡിവിഷൻ

**ഫോൺ - 0487-2361268**

## പുന : ഇ-ദർഘാസ് പരസ്യം

**KFDDO/31263/2026-DFOTSR/TA1** തീയതി: **18.07.2026.**

കേരള വനം-വന്യജീവി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (സർക്കാർ ഉത്തരവ് (ആർ.ടി) 141 /2021/(എഫ് & ഡബ്ല്യു.എൽ.ഡി) നമ്പർ തീയതി 06.05.2021 പ്രകാരം) നിലവിൽ യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തികൾ നടത്തുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസ് ക്ഷണിയ്ക്കുന്നു. ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതരവ്യവസ്ഥകളും പാലിയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും **www.etenders.kerala.gov.in** എന്ന വെബ്സെറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ **SBI** -യുടെ **Internet Online Banking** വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ **NEFT** വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ **www.etenders.kerala.gov.in** എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു. കരാറുകാരന് ജി.എസ്.ടി. രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ **www.etenders.kerala.gov.in** വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/- രൂപയുടെ കേരളാ സർക്കാരിന്റെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, സ്കാൻ ചെയ്ത കോപ്പി ഓൺലൈനായി സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ തുറക്കുന്നതിന് മുൻപ് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഈ ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ എൻ.ഐ.സി. -യിൽ നിന്നോ **www.etenders.kerala.gov.in** വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന **Helpdesk** -ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്.

ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

വിജയി ആകുന്ന ദർഘാസുകാരൻ പ്രവൃത്തി ഏറ്റെടുത്ത തുകയുടെ 0.1% രൂപയുടെ മുദ്രപത്രത്തിൽ, ദർഘാസ് അംഗീകരിച്ച അറിയിപ്പു തീയതി മുതൽ 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ഏറ്റെടുത്ത തുകയുടെ 5% -മോ, പരമാവധി 5,00,000/- രൂപയോ (അഞ്ചു ലക്ഷം രൂപ), ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ഉടമ്പടി വയ്ക്കേണ്ടതാകുന്നു. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിയ്ക്കുന്നു.

## പട്ടിക

| ക്രമ നമ്പർ | ടെണ്ടർ നമ്പർ | ജോലിയുടെ വിവരം | വിസ്തൃതി ഹെക്ടറിൽ | അടങ്കൽ ദർഘാസ് (രൂപ ലക്ഷത്തിൽ) | നിരതദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 05/2026-27 | വടക്കാഞ്ചേരി റെയ്ഞ്ചിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 2026-27 വർഷത്തെ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി പ്രകാരം 2024 കൊറ്റമ്പത്തൂർ ബിറ്റ് I തോട്ടത്തിന്റെ മൂന്നാംവർഷ പരിചരണത്തിനുള്ള പ്രവൃത്തി | 72 | 18.22 | 45550 | 2500+ 18% GST |
| 2. | 07/2026-27 | വടക്കാഞ്ചേരി റെയ്ഞ്ചിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 2026-27 വർഷത്തെ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി പ്രകാരം 2024 ചിറ്റണ്ട തോട്ടത്തിന്റെ മൂന്നാംവർഷ പരിചരണത്തിനുള്ള പ്രവൃത്തി | 32 | 8.54 | 21350 | 1708+ 18% GST |

| | |
|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വില്പന | www.etenders.kerala.gov.in വെബ്സൈറ്റിൽ നിന്നും download ചെയ്യാവുന്നതാണ്. |
| യോഗ്യത | സി ' ക്ലാസ് -ഉം അതിനുമുകളിലും |
| കാലാവധി | എഗ്രിമെന്റ് തീയതി മുതൽ 31 മാർച്ച് 2027 വരെ |

മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള ജോലിയുടെ അളവ് ഏകദേശമാണ്. ജോലി പൂർത്തീകരിക്കുന്ന അവസരത്തിൽ അളവിൽ വ്യത്യാസം വരാവുന്നതാണ്. യഥാസമയം ജോലികൾ ചെയ്തു തീർക്കാത്തപക്ഷം നിലവിലുള്ള നിയമപ്രകാരം വനം വകുപ്പ് നിശ്ചയിക്കുന്ന പിഴ ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. മേൽപ്പറഞ്ഞ ഏതു ജോലിയും, ഏതുസമയത്തും ഒരു കാരണവും കൂടാതെ റദ്ദാക്കുവാൻ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരമുള്ളതായിരിക്കും, നിലവിലുള്ള എല്ലാ ദർഘാസ്/ കരാർ നിബന്ധനകളും ഈ കരാറിനും ബാധകമായിരിക്കും.

| | | |
|---|---|---|
| ഇ-ദർഘാസ് ഫോറം ലഭ്യമാകുന്ന തീയ്യതി | : | **21.07.2026** |
| ഇ-ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയ്യതിയും, സമയവും | : | **28.07.2026 ഉച്ചയ്ക്ക് ശേഷം 4.00 മണി വരെ** |
| ഇ-ദർഘാസ് തുറക്കുന്ന സമയവും, തീയ്യതിയും | : | **30.07.2026 രാവിലെ 11.00 മണി** |

മേൽ തീയ്യതിയിൽ ടി ദർഘാസ് നടക്കാതെ വരികയോ ആരും പങ്കെടുക്കാതെ വരികയും ആണെങ്കിൽ മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി താഴെ പറയുന്ന തീയ്യതികളിൽ അതേ സ്ഥലത്തും അതേ സമയത്തും പ്രസ്തുത ദർഘാസ് നടത്തുന്നതായിരിക്കും.

| | | |
|---|---|---|
| പുനഃഇ-ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയ്യതിയും, സമയവും | : | **03.08.2026 ഉച്ചയ്ക്ക് ശേഷം 4.00 മണി വരെ** |
| പുനഃഇ-ദർഘാസ് തുറക്കുന്ന സമയവും, തീയ്യതിയും | : | **05.08.2026 രാവിലെ 11.00 മണി** |
| പുനഃഇ-ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയ്യതിയും, സമയവും | : | **10.08.2026. ഉച്ചയ്ക്ക് ശേഷം 4.00 മണി വരെ** |
| പുനഃഇ-ദർഘാസ് തുറക്കുന്ന സമയവും, തീയ്യതിയും | : | **13.08.2026 രാവിലെ 11.00 മണി** |

## നിബന്ധനകൾ

| | |
|---|---|
| 1. | ജി ഒ (ആർ.ടി) 141 /2021/(എഫ് & ഡബ്ല്യു.എൽ.ഡി) നമ്പർ തീയതി 06.05.2021 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനംവകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 -ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. |
| 2. | (ആർ.ടി) 141 /2021/(എഫ് & ഡബ്ല്യു.എൽ.ഡി) നമ്പർ തീയതി 06.05.2021 പ്രകാരം എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനംവകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 തുടങ്ങി വനംവകുപ്പിന് വിധേയമായ എല്ലാ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്. |
| 3. | ദർഘാസുകാർ ടെണ്ടർ ഫോറത്തിന്റെ വിലയും നിരതദ്രവ്യവും ഈ-പ്രൊക്യൂർമെന്റ് സിസ്റ്റത്തിൽ ഓൺലൈനായി പണം ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണം ഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ NEFT മാർഗ്ഗമോ ഉപയോഗിക്കേണ്ടതാണ്. ഓൺലൈൻ ആയി തുക ഒടുക്കുന്നതിന് NEFT സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിന്റെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിൻറെ വിലയും നിരതദ്രവ്യവും അടച്ചതിന്റെ സ്ഥിരീകരണം. ഈ-പ്രൊക്യൂർമെൻറ് സിസ്റ്റത്തിൽ |

| | |
|---|---|
| | ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. NEFT വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ പ്രെ -പ്രൊക്യൂർമെന്റ് സിസ്റ്റം നൽകുന്ന ഓൺലൈൻ NEFT റെമിറ്റൻസ് ഫോറം പണം ഒടുക്കിയതിന്റെ സ്ഥിരീകരണമായി പരിഗണിയ്ക്കുന്നതല്ല. കേരളാ വനംവകുപ്പ് - NIC/ SBI പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും ഉത്തരവാദിയായിരിക്കുന്നതല്ല. |
| 4. | ദർഘാസുകാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 200 രൂപയുടെ കേരളാ സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ, ഓൺലൈൻ ഇ- പേയ്മെൻറിനായി ശരിയായി പൂരിപ്പിച്ച പ്രൊഫോർമ എന്നിവയുടെ സ്കാൻ ചെയ്ത പകർപ്പ് സമർപ്പിക്കേണ്ടതാണ് തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രാഥമിക കരാറിൻറെ അസ്സൽ ദർഘാസ് എന്നിവ സീൽചെയ്ത കവറിലാക്കി ജോലിയുടെ പേരും ടെണ്ടർ നമ്പറും കവറിനു മുകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം തൃശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സ്പീഡ് പോസ്റ്റ് അഥവാ രജിസ്ട്രേഡ് പോസ്റ്റ് വഴി സമർപ്പിക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തുന്നവരുടെ ദർഘാസുകൾ റദ്ദാക്കുന്നതാണ്. |
| 5. | യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളുമോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയൊ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും **Scheduled** രേഖ നഷ്ടപ്പെടുകയോ ചെയ്യുന്നതു വഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. |
| 6. | ഇതുമായി ബന്ധപ്പെട്ട കൂടുതൽ സ്പഷ്ടീകരണം NIC –യിൽ നിന്നോ **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിലെ ഇ-ടെണ്ടർ **Helpdesk** നമ്പരിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ-പേയ്മെൻറിൻറെ വിശദാംശങ്ങൾ (കോർ ബാങ്കിംഗ് സൗകര്യമുള്ളപ്പോൾ ദർഘാസുകാരൻറെ ബാങ്ക് അക്കൗണ്ട് നമ്പരും, ഈ-മെയിൽ വിലാസവും) ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. |
| 7. | ദർഘാസുകാരന് ദർഘാസ് അപ്ലോഡു ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്യുന്നത് വഴിയുണ്ടാകുന്ന ഏതെങ്കിലും അസൗകര്യത്തിനോ നഷ്ടത്തിനോ കേരളാ വനംവകുപ്പ് ഉത്തരവാദിയാകുന്നതല്ല. |
| 8. | ദർഘാസുകാർ/ലേലങ്ങൾ തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ നിശ്ചയിച്ചിരിക്കുന്ന സമയത്ത് തൽസമയം ഹാജരുള്ള ദർഘാസുകാരുടേയോ അവർ രേഖാമൂലം ചുമതലപ്പെടുത്തുന്ന പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഓൺലൈനായി തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ മതിയായ കാരണംകൊണ്ട് ദർഘാസ് തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയോ പ്രവൃത്തി ദിവസമല്ലാതെയോ വരുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും ടെണ്ടർ തുറക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| 9. | കേരളാ വനംവകുപ്പിലും പൊതുമരാമത്ത് വകുപ്പിലും നിലവിൽ ഇ-ടെണ്ടറിന് അനുവർത്തിക്കുന്ന എല്ലാ വ്യവസ്ഥകളും ഈ - ഇ- ദർഘാസിനും ബാധകമായിരിക്കും. |
| 10. | ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ തൃശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസിൽ നിന്നോ, മച്ചാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ (അതാത് ജോലിയുടെ) ഓഫീസ് പ്രവൃത്തി സമയത്ത് ലഭ്യമാകുന്നതാണ്. |
| 11. | ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. |
| 12. | ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെൻറിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെൻറിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. |

| | |
|---|---|
| | പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെൻറ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല. |
| **13.** | ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല. |
| **14.** | ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന മതിപ്പ് കരാർ തുകയുടെ ഇത്ര ശതമാനം എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും, അക്ഷരത്തിലും വ്യത്യസ്ഥ നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്ക് പ്രാബല്യത്തിലുള്ളതായി പരിഗണിക്കുന്നതായിരിക്കും. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് വനം വകുപ്പ് കാണുന്ന പക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിൻറെ **10%** പരമാവധി **30,000/-** രൂപ പ്രത്യേക/ അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്ന പക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്. |
| **15.** | നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല. |
| **16.** | ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്. |
| **17.** | ലഭിച്ചിട്ടുള്ള ദർഘാസുകൾ ഒന്നാം ഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അദ്ദേഹത്തിൻറെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. |
| **18.** | ദർഘാസിൻറെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള കോൺട്രാക്ടർമാരുടെ മാത്രം രണ്ടാം ഭാഗം **(Price Bid)** തുറക്കുന്ന സമയം പിന്നീട് പ്രഖ്യാപിക്കുന്നതാണ്. ടെണ്ടറിൻറെ ഒന്നാം ഭാഗം തുറന്നാലുടൻതന്നെ രണ്ടാം ഭാഗം തുറക്കുന്ന സമയം അറിയിക്കുന്നതാണ്. |
| **19.** | ദർഘാസുകാർ ടെണ്ടർഫോറത്തിൻറെ വിലയും നിരത ദ്രവ്യവും ഈ-പ്രൊക്യൂയർമെൻറ് സിസ്റ്റത്തിൽ ഓൺലൈനായി പണം ഒടുക്കുന്നതിനുള്ള സംവിധാനം ഉപയോഗിച്ച് ചെയ്യേണ്ടതാണ്. പണംഒടുക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇൻറർനെറ്റ് ഓൺലൈൻ ബാങ്കിംഗ് സംവിധാനമോ മറ്റു ബാങ്കുകളുടെ **NEFT** മാർഗ്ഗമോ ഉപയോഗിക്കേണ്ടതാണ്.ഓൺലൈൻയായി തുക ഒടുക്കുന്നതിന് **NEFT** സംവിധാനം ഉപയോഗിക്കുന്നവർ ദർഘാസ് അവസാനിക്കുന്ന സമയത്തിൻറെ 72 മണിക്കൂർ മുമ്പെങ്കിലും ഈ സംവിധാനം ഉപയോഗിക്കേണ്ടതും ടെണ്ടർ ഫോറത്തിൻറെ വിലയും നിരതദ്രവ്യവും അടച്ചതിൻറെ സ്ഥിരീകരണം. ഈ പ്രൊക്യൂർമെൻറ് സിസ്റ്റത്തിൽ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. **NEFT** വഴിയുള്ള പണമിടപാട് നടത്തുന്നതിന് ഈ പ്രൊക്യൂർമെൻറ് സിസ്റ്റംനൽകുന്ന ഓൺലൈൻ **NEFT** റെമിറ്റൻസ് ഫോറം പണംഒടുക്കിയതിൻറെ സ്ഥിരീകരണമായി പരിഗണിക്കുന്നതല്ല. കേരളാ വനംവകുപ്പ് - **NIC/ SBI** പണം ഒടുക്കിയത് സ്ഥിരീകരിക്കുന്നതിനുണ്ടാകുന്ന ഒരുതരത്തിലുള്ള കാലതാമസത്തിനും ഉതതരവാദിയായിരിക്കുന്നതല്ല. |
| **20.** | സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു |

| | |
|---|---|
| | കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കുന്നതാണ്. |
| 21. | ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല. |
| 22. | ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാൻറെ ചെലവിൽ വാങ്ങിയിട്ടുള്ള 200 രൂപ വിലയുള്ള കേരളാ സർക്കാർ മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാൻറെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും അത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മറ്റു മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. |
| 23. | വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ. |
| 24. | വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്. |
| 25. | ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. |
| 26. | ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്. |
| 27. | ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്. |
| 28. | ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ബാധ്യസ്ഥനാണ്. |
| 29. | ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ താഴെപ്പറയുന്ന പ്രകാരം തവണകളായി ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ക്രോസ് ചെയ്ത ചെക്കായോ ഇ-പെയ്മെൻറ് ആയോ മാത്രമായിരിക്കും. |
| 30. | ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിൻറെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി റദ്ദ് ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ് / PWD നിരക്കു പ്രകാരം ക്വോട്ട് ചെയ്ത നിരക്കിൽ തുക മാറി നൽകുന്നതായിരിക്കും. |

| | |
|---|---|
| 31. | കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെൻഡറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും. |
| 32. | ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും. |

**കൂടുതൽ വിവരങ്ങൾ തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ 0487 2361268) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.**

# KERALA FOREST & WILDLIFE DEPARTMENT
## THRISSUR FOREST DIVISION
## RE-E-TENDER NOTIFICATION

**KFDDO/31716/2026-DFOTSR/TA1** **Date: 09.06.2026**

The Divisional Forest Officer, Thrissur for and on behalf of the Governor of Kerala invites separate online E-tenders from the registered eligible contractors having a valid and active registration with Kerala Forest Department as per the GO (RT) No: 141/2021/F&WLD dated 06.05.2021 for the execution of works noted in the schedule attached below. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this e-tender. Tender documents and e-tender schedules may be downloaded from the website www.etenders.kerala.gov.in. All tender documents are to be submitted online only in the designated online cover/envelops on the www.etenders.kerala.gov.in

Tenders shall be accepted only through online mode, late tenders and tenders submitted manually or through post will not be entertained. Online tenders are accompanied with a preliminary agreement executed in Stamp paper worth Rs. 200/-Tenders received online without the scanned copies of relevant documents, preliminary agreement will not be considered and shall be summarily rejected. Any further clarification on the tender can be had from NIC-tender help desk available in website, and from the Divisional Forest Office, Trissur, during working hours. The details of e – payment such as account number, e-mail id etc., should be submitted along with the tender. Technical and financial details shall be submitted in respective designated online covers. Tenders without these details will not be accepted. The department will not be responsible for any inconvenience or loss to the tenderer while uploading the e-tender.

The quantity mentioned in the above table are approximate and on actual execution the quantity may vary. Penalty as per Rule will be levied by the Forest Department from the tenderer, if any for the delay of execution of work in time. The undersigned reserves all rights for cancellation of any work at any time without further intimation. All the prevailing conditions for e-tender are applicable for this tender also.

The successful tenderer should execute an agreement in the prescribed format in a stamp paper worth Rs. 0.1% of contract value (minimum Rs. 200/-) within 10 days from the date of intimation of acceptance of the e-tender after furnishing security deposit equal to 5 % of the tender amount or limited to a maximum of Rs. 500000/- . Details of tender are furnished below in the schedule.

## Schedule I

| Sl. No. | Tender No. | Name of Work | Nos. | PAC in Lakhs | EMD (Rs.) | Cost of Tender form (Rs.) | Class |
|---|---|---|---|---|---|---|---|
| 1 | 05/2026-27 | Third Year Maintenance of 2024 Kottambathoor Bit I Eco restoration planting in Poongode Forest station in Wadakkanchery Range, Thrissur Division during 2026-27. | 72 | 18.22 | 45550 | 2500+ 18% GST | C class and above |
| 2 | 07/2026-27 | Third Year Maintenance of 2024 Chittanda Eco restoration planting in Poongode Forest station in Wadakkanchery Range, Thrissur Division during 2026-27. | 32 | 8.54 | 21350 | 1708+ 18% GST | C class and above |

**he other details regarding this e- tender are as follows:**

| | | | |
|---|---|---|---|
| (1) | Sale of tender documents | : | Can be downloaded from the website ***www.etenders.kerala.gov.in*** |
| (2) | Classification of bidder | : | As above |
| (3) | Period of completion of work | : | up to 31st march 2027 from the date of agreement |

Date from which tender will be available in the web site : 21.07.2026

Date and time up to which tenders will be received : 28.07.2026 till 04.00 PM

Date and time for opening of Tender : 30.07.2026 at 11.00 AM

If the tender not taken by anyone the date of the tender will be extended as follows

Last Date and time of submission of tender : 03.08.2026 till 4.00 PM

Date and time of opening of tender : 05.08.2026 at 11.00 AM

Last Date and time of submission of tender : 10.08.2026 till 4.00 PM

Date and time of opening of tender : 13.08.2026 at 11.00 AM

**Further details are available in the official website of www.forest.kerala.gov.in**

## CONDITIONS

1. All provisions in GO (RT) No: 141/2021/F&WLD dated 06.05.2021 regarding tender system in Kerala Forest Department, Kerala Forest Act 1961 and Wildlife Protection Act 1972 will be applicable to the tenderer.

2. Bidders shall remit the tender document fee and the Earnest Money Deposit using online payment option of e-procurement system only and submitted through the internet online banking of State Bank of India or through NEFT for other banks. Bidders opting for NEFT facility of online payment are advised to exercise this option at least 72 hours before the closing date of bid to ensure that payment towards tender document fees and EMD are credited and a confirmation is reflected in the e-procurement system. The online NEFT remittance form provided by e-procurement system for making a NEFT transaction is not a payment confirmation. Kerala Forest Department /NIC/ SBI shall not be responsible for any kind of delay in payment status confirmation.
3. Bidders are requested to submit scanned copy of the following documents - Registration certificate duly attested by Gazette Officer, preliminary agreement executed in Kerala Stamp paper worth Rs. 200/-, duly filled up proforma for availing e-payment by Online, Copy of GST registration certificate and copy of PAN card Subsequently the hard copy of attested copy of Registration certificate, preliminary agreement in original Copy of GST registration certificate and copy of PAN card and tender document would be submitted offline in a sealed cover ***super scribing the name of work and tender number*** to the office of the Divisional Forest Officer, Thrissur through speed post / registered post as prescribed in the time schedule, failing which such tenders will be rejected.
4. The bidding authority deserves the right to modify / cancel any / all bids without assigning any reason. The Forest Department will not be responsible for any error like missing of scheduled data while downloading by the bidder and non-receipt of documents.
5. Any further clarifications on this tender can be obtained from NIC/ the e-tender Helpdesk number available in the ***www.etenders.kerala.gov.in*** website and from this office during the office hours. The details regarding e-payment (Bidder's bank account number where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted.
6. The Forest Department will not be responsible for any inconveniences or loss to the Bidder while uploading/ downloading the bid.
7. The tender/bids shall be opened online at the office of the Divisional Forest Office, Thrissur in the presence of bidders / their representatives who wish to attend at the above address. If the tender opening date happens to be a holiday or non-working day due to any other valid reason, the tender opening process will be done on the next working day at same time and place.
8. All other existing conditions related to e-ender in Kerala Forest Department and PWD will be applicable in this e-tender also.
9. Further details can be had from the office of the Divisional Forest Officer, Thrissur / Range Forest Officer, Wadakkanchery & Machad during office hours.
10. The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.
11. Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Divisional Forest Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. No plea of ignorance of the agreement conditions or no complaint regarding the said conditions received after putting in the tender will be entertained.
12. Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.
13. The tenderer shall quote in the appropriate column in the tender a firm percentage of PAC amount for raising the plantation or as in the Schedule both in figures as well as in words. In the case of the tenderer quoting different total rate in words and figures also, lower of the same only be considered valid and shall be binding on him/her. If the Kerala Forest Department feels that the total amount quoted or item wise rate of any of the items quoted is unworkable due to variance to the lower side to an abnormal level with the Kerala Forest Department's estimated rates, the tenderer may be required to furnish satisfactory explanation on the above respect. In such an event, the Kerala Forest Department has the option to collect a Special/Extra Security

Deposit to the tune of 10% of the quoted amount subject to a maximum of Rs. 30,000/- (Rupees Thirty Thousand Only) from the tenderer before issuance of confirmation orders. If the explanation furnished is not found satisfactory or no explanation is furnished, the Kerala Forest Department has the right to deny the offer of work to the tenderer even though he/she is the lowest tenderer.

14. Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honored.
15. All the corrections in the tender form shall be initialed by the tenderer himself.
16. Part I of the tenders received in due time will be opened by the Divisional Forest Officer or his deputy at his office in the presence of such of the tenderers present on that occasion.
17. Part-II tenders (price bid) of the tenderers whose Part-I tenders have been accepted only will be opened subsequently. The time and place of opening of the Part II tenders will be announced immediately on the acceptance of the Part I tender.
18. The lowest tender will ordinarily be accepted, but the authority competent to accept the tender reserves to himself the power of accepting or rejecting any tender without assigning any reason therefore.
19. No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.
20. The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued by registered letter bearing the address mentioned in the tender. The successful tenderer, within 15 days of receipt of confirmation of his tender, shall have to execute an agreement in the prescribed form [Appendix 11] on a proper non-judicial stamp paper Rs. 0.1% of contract value (minimum Rs. 200/-) to be supplied by him at his cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Ernest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Divisional Forest Officer, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.
21. The successful tenderer while signing the agreement shall furnish a security deposit for an amount equal to 5 per cent of the total Probable Amount of Contract, limited to a maximum of Rs. 5,00,000/- (Rupees five lakhs only). The security deposit will be released only after the successful completion of the contract work and after producing the Non-Liability Certificate from the concerned officers.
22. The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract
23. The post-offers and representations sent, after receipt of the tender in respect of work shall at no account be considered.
24. The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.
25. The quantities of work shown in the Schedule are approximate and it may vary on actual execution of work.
26. The area shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.
27. Payment will be made to the contractor on specific request and on submission of bill in the prescribed format provided and the condition specified are achieved, the payment will be made as per the GO (RT) No: 141/2021/F&WLD dated 06.05.2021. Payment will be made through crossed cheques <u>or e-payment</u> only.
28. It shall be open to the Divisional Forest Officer to cancel/reduce the quantity of work to be executed in the attached schedule based on site conditions in each year and the Divisional Forest Officer's decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be

recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment worked out as per forest schedule rate for such item will be made at the agreed rate in the contract. The cost of the work will be worked out as per the prevailing forest schedule of rate.

29. Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department

30. All the taxes prevailing at the time of tender is applicable to this tender

***Further details can be available from Divisional Forest Office, Thrissur and in Telephone No. 0487-2361268 on working days.***

**K. J. Martin Lowel IF S**
**DIVISIONAL FOREST OFFICER,**
**THRISSUR**
**(For and on behalf of the Governor of Kerala)**